**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Dr. Chithra S IAS)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - - ഉത്തരവ്.

**ഉത്തരവ് നമ്പർ LSGD/PD/44173/2024-VIGE6 തീയതി: 28-06-2025**

പരാമർശം:
1) പ്രിൻസിപ്പൽ ഡയറക്ടറുടെ 10.01.2025 തീയതിയിലെ LSGD/PD/44173/2024-VIGE6 നമ്പർ നടപടിക്രമം.
2) 25.01.2025 തീയതിയിലെ എറണാകുളം ജോയിൻറ് ഡയറക്ടറുടെ LSGD/JD/EKM/439/2025 നമ്പർ കത്ത്.
3) 09.04.2025 തീയതിയിലെ പത്തനംതിട്ട ജോയിൻറ് ഡയറക്ടറുടെ LSGD/JD/PTA/247/2025-A3 നമ്പർ കത്ത്.
4) 16.05.2025 തീയതിയിലെ കോഴിക്കോട് ജോയിൻറ് ഡയറക്ടറുടെ LSGD/JD/KKD/307/2025 -A5 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ സർവ്വീസിലിരിക്കെ അനർഹമായി കൈപ്പറ്റിയതായി കണ്ടെത്തിയതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെൻറ് ചെയ്തിരുന്നു. പ്രസ്തുത ജീവനക്കാരിൽ ചുവടെ പറയുന്ന ജീവനക്കാർ അനർഹമായി കൈപറ്റിയ പെൻഷൻ തുക തിരികെ ഒടുക്കിയിട്ടുള്ളതായി പരാമർശം (2),(3),(4) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

| ക്രമ നം | പേര് | തസ്തിക | കൈപറ്റിയ തുക |
|---|---|---|---|
| 1 | ഡാവി കെ എ | ഓഫീസ് അറ്റൻഡൻറ് | 22,100 |
| 2 | ജോബി മാത്യു | സീനിയർ ക്ലർക്ക് | 50,400 |
| 3 | അബ്ദു നാസർ എം | ഓവർസീയർ ഗ്രേഡ് 3 | 18,800 |

മേൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാർ അനർഹമായി കൈപറ്റിയ തുക ഒടുക്കിയിട്ടുണ്ടെങ്കിലും സർക്കാരിൻറെ 31.01.2025 തീയതിയിലെ 7/2025 നമ്പർ സർക്കുലർ പ്രകാരം തിരിച്ചടയ്ക്കേണ്ടതായ 18% പലിശ ഉൾപ്പടെയുള്ള മുഴുവൻ തുകയും ഒടുക്കിയിട്ടില്ലായെന്ന് സാമൂഹ്യ സുരക്ഷാ പെൻഷൻ സെക്ഷനിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷൻ നിലവിൽ വാങ്ങുന്നില്ലായെന്നും അറിവില്ലായ്മ കൊണ്ടാണ് കൈപറ്റിയിട്ടുള്ളതെന്നും ആയത് മാപ്പാക്കി സേവനത്തിൽ പുന:പ്രവേശിപ്പിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ടി ജീവനക്കാർ അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ സർക്കാരിൽ നിന്നും അനുവദിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ സേവനത്തിലിരിക്കെ അനർഹമായി കൈപറ്റിയതിനാൽ പ്രസ്തുത ജീവനക്കാർക്കെതിരായ അച്ചടക്കനടപടിക്ക് ഭംഗം വരാത്ത രീതിയിൽ ടി ജീവനക്കാരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാർക്ക് നിയമനം നൽകി കൊണ്ടുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM

Dr. Chithra S IAS
PRINCIPAL DIRECTOR

DR. CHITHRA S IAS
PEN : 719240
Principal Director
Local Self Government Department
Swaraj Bhavan, Nanthancode
Kowdiar P.O., Tvpm - 695003

പകർപ്പ്:
1. മേൽ പറഞ്ഞ ജീവനക്കാർക്ക് (ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് ജോ ഡയറക്ടർ മുഖേന)
2. തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിൻറ് ഡയറക്ടർ (ക്ര ശ്രീമതി ഡാവി കെ എ - സർവ്വീസിൽ പുന: പ്രവേശിപ്പിച്ച് നിയമന ഉത്തരവ് നൽകുന്നതിനായി)
3. ജൂനിയർ സൂപ്രണ്ട് DEC സെക്ഷൻ (ക്രമനം. 2 ശ്രീ ജോബി മാ സർവ്വീസിൽ പുന: പ്രവേശിപ്പിച്ച് നിയമന ഉത്തരവ് നൽകുന്നതിനായി)
4. ജൂനിയർ സൂപ്രണ്ട് DEE സെക്ഷൻ (ക്രമനം. 3 ശ്രീ അബ്ദു നാസർ എം- നെ സർവ്വീസിൽ പുന: പ്രവേശിപ്പിച്ച് നിയമന ഉത്തരവ് നൽകുന്നതിനായി)
5. ജൂനിയർ സൂപ്രണ്ട് DED സെക്ഷൻ (വിവരാവകാശ നിയമം 2005 പ്രകാരം വെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി